8. ശ്രീ. പി.ആർ. കുറുപ്പ് : മുൻ വനവും ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി : 1 പ്രാവശ്യം

19-09-1997 - 03-10-1997 അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ

9. ശ്രീമതി സുശീലാ ഗോപാലൻ : വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി : 3 പ്രാവശ്യം

14-04-1998 - 20-04-1998 ഈജിപ്റ്റ് (കെയ്റോ)

19-10-1998 - 25-10-1998 വിയറ്റ്നാം (ഫാനോയ്)

26-11-1999 - 03-12-1999 ദുബായ്, അബുദാബി, മസ്കറ്റ്

10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കൃഷി വകുപ്പുമന്ത്രി : 2 പ്രാവശ്യം

30-06-1999 - 05-07-1999 അബുദാബി, ദുബായ്, ദോഹ

11-10-1999 - 20-10-1999 ഇസ്രായേൽ

11. ശ്രീ. ടി. ശിവദാസമേനോൻ : ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി : 1 പ്രാവശ്യം

29-07-1999 - 12-08-1999 അബുദാബി, ദുബായ്, ദോഹ, ബഹറിൻ, കുവൈറ്റ്, മസ്കറ്റ്

(സി) വിശദവിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്†.

മന്ത്രിമാരുടെ വിദേശപര്യടനം സംബന്ധിച്ച്

30(30) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരും ഗവൺമെന്റ് ചീഫ് വിപ്പും വിദേശപര്യടനം നടത്തിയിട്ടുണ്ട് ;

(ബി) ഇവരിൽ ഓരോരുത്തരും എത്രപ്രാവശ്യം വീതം വിദേശപര്യടനം നടത്തിയിട്ടുണ്ട് ;

(സി) ഓരോ പ്രാവശ്യവും നടത്തിയ വിദേശപര്യടനത്തിൽ ആരെല്ലാം ഏതെല്ലാം വിദേശരാജ്യങ്ങൾ സന്ദർശിച്ചു ;

(ഡി) ഈ വിദേശ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; ഈ സന്ദർശനവേളയിൽ ഓരോരുത്തരും ആരെല്ലാമായി ചർച്ച നടത്തി ;

---

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദേശയാത്രാ മദ്ധ്യേ ഏതെല്ലാം മന്ത്രിമാർ വിദേശ വ്യവസായികളെ സംസ്ഥാനത്തേയ്ക്ക് ക്ഷണിച്ചു ;

(എഫ്) ആരെല്ലാം ഈ ക്ഷണം സ്വീകരിച്ച് സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിച്ചു ;

(ജി) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്ക് എന്തുതുകയ്ക്കുള്ള വിദേശനാണ്യം അനുവദിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരങ്ങൾ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്†. വിദേശ സന്ദർശനം നടത്തിയ എല്ലാ മന്ത്രിമാരും കേരളത്തിന്റെ വ്യത്യസ്ത വികസന മേഖലകളെ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഇ&എഫ്) മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരെ കൂടാതെ വിദേശപര്യടനം നടത്തിയ എല്ലാ മന്ത്രിമാരുടെയും ലക്ഷ്യം വ്യവസായം ഉൾപ്പെടെയുള്ള വ്യത്യസ്ത വികസന മേഖലയിലെ കേരളത്തിന്റെ ഉന്നതിയായിരുന്നു. ടെക്നോപാർക്കിൽ വിദേശകമ്പനികളുടെ സഹകരണത്തോടെ 20-ൽപ്പരം യൂണിറ്റുകൾ ആരംഭിച്ചു. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും വ്യവസായസംരംഭങ്ങൾ വിദേശത്തെ വ്യവസായനിക്ഷേപകർക്കിടയിൽ മതിപ്പുളവാക്കിയിട്ടുണ്ട്. നിരവധി വ്യവസായികൾ നിക്ഷേപസന്നദ്ധമായി മുന്നോട്ടുവന്നിട്ടുണ്ട്. കെ.എസ്.ഡി.പി. ലിമിറ്റഡ്, കെൽട്രോൺ, ടെൽക്ക് എന്നീ വ്യവസായങ്ങളിൽ നിന്നും ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി ഓർഡറുകൾ ലഭിക്കുകയും ഇതനുസരിച്ച് കയറ്റുമതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) വിവരങ്ങൾ അനുബന്ധം II ൽ ചേർത്തിട്ടുണ്ട്†.

വിദേശനിക്ഷേപം ആകർഷിക്കാൻ നടത്തിയ വിദേശയാത്ര

31(31) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുക, വിദേശനിക്ഷേപം ആകർഷിക്കുക എന്നീ ഉദ്ദേശത്തോടെ സംസ്ഥാന മന്ത്രിമാർ എവിടെയെല്ലാം വിദേശപര്യടനം നടത്തി ;

(ബി) ഈ സന്ദർശനത്തിന്റെ ഫലമായി സംസ്ഥാനത്ത് എത്ര വിദേശനിക്ഷേപം ആകർഷിക്കുവാൻ കഴിഞ്ഞു ;

(സി) ഈ സന്ദർശനത്തിന്റെ ഫലമായി എത്ര പുതിയ വ്യവസായങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടു എന്ന് അറിയിക്കുമോ ; ആരാണ് ഈ പുതിയ വ്യവസായങ്ങൾ സ്ഥാപിച്ചത് ?

---

† അനുബന്ധം XV (എ&ബി)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XV

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 30(30) എ&ബി ദയവായി കാണുക]

മുഖ്യമന്ത്രി :

1. 5-7-1996 മുതൽ 9-7-1996 വരെ അമേരിക്ക സന്ദർശിച്ചു. നോർത്ത് അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് എന്ന സംഘടനയുടെ ഇന്റർനാഷണൽ കൺവെൻഷനിൽ പങ്കെടുക്കുകയായിരുന്നു ഉദ്ദേശം.

2. 14-11-1996 മുതൽ 24-11-1996 വരെ ജർമ്മനി, നെതർലാന്റ്, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്യൻ മലയാളി സംഘടനയുടെ ക്ഷണം സ്വീകരിച്ച് അവരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുവാനും, സ്വിസ് ഏജൻസിയുടെ ക്ഷണം സ്വീകരിച്ച് അവിടുത്തെ സർക്കാർ ഉദ്യോഗസ്ഥരുമായി വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയുമായിരുന്നു യാത്രയുടെ പ്രധാന ഉദ്ദേശം.

3. 10-6-1997 മുതൽ 22-6-1997 വരെ കാനഡ, അമേരിക്ക, ഫ്രാൻസ് ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. കനേഡിയൻ സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് കനേഡിയൻ ഇന്റർനാഷണൽ ഡവലപ്മെന്റ് ഏജൻസിയുമായി ചർച്ച നടത്താനും അമേരിക്കൻ മലയാളികൾ ക്ഷണിച്ചത് അനുസരിച്ച് വ്യവസായികളുമായി ചർച്ച നടത്താനുമാണ് കാനഡയും അമേരിക്കയും സന്ദർശിച്ചത്. കണ്ണൂരിലെ വിമാനത്താവളം, വ്യവസായ വികസനം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്താനാണ് ഫ്രാൻസ് സന്ദർശിച്ചത്. ഇറ്റലിയിലെ ഗവൺമെന്റ് അധികൃതരുമായും, വ്യവസായികളുമായും, വ്യാവസായിക വികസനത്തെ സംബന്ധിച്ചും ടെക്നോളജിക്കൽ പാർക്കുകളെ സംബന്ധിച്ചുമുള്ള ചർച്ചകൾക്കാണ് അവിടം സന്ദർശിച്ചത്.

4. ദോഹയിലെ എം.ഇ.എസ്. ഇന്ത്യൻ സ്കൂൾ സംഘടിപ്പിച്ച കേരളാ കൾച്ചറൽ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യുന്നതിന് വേണ്ടിയാണ് 26-9-1998 മുതൽ 28-9-1998 വരെ ദോഹ സന്ദർശിച്ചത്.

5. കേരള സർക്കാർ ഉടമസ്ഥതയിലുള്ള കേരഫെഡിന്റെ ബിസിനസ് പങ്കാളിയായ മൊണ്ടാന ഫുഡ് സ്റ്റഫ് ട്രേഡിംഗ് എന്ന സ്ഥാപനത്തിനുവേണ്ടി കേരാ ഗോൾഡ് കോക്കനട്ട് ഓയിൽ ഔദ്യോഗികമായി പുറത്തിറക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ക്ഷണം സ്വീകരിച്ചുകൊണ്ടും നോൺ റസിഡന്റ് ഇന്ത്യക്കാരുമായി ബന്ധപ്പെട്ട് കേരളാ ഗവൺമെന്റ് നടപ്പാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുമാണ് 28-4-1999 മുതൽ ഒമാൻ, മസ്ക്കറ്റ്, അബുദാബി, ദുബായ്, കുവൈറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചത്.

II ശ്രീ. പി. ജെ. ജോസഫ് : (വിദ്യാഭ്യാസവും പൊതുരാമത്തും വകുപ്പുമന്ത്രി)

1. 29-6-1996 മുതൽ 13-7-1996 വരെ ഫ്രാങ്ക്ഫർട്ട്, റോം, ലണ്ടൻ, അമേരിക്ക എന്നിവിടങ്ങൾ സന്ദർശിച്ചു. നോർത്ത് അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ എന്ന സംഘടനയുടെ ക്ഷണം സ്വീകരിച്ചാണ് അമേരിക്കൻ യാത്ര നടത്തിയത്. ലണ്ടൻ, ഫ്രാങ്ക്ഫർട്ട് എന്നിവിടങ്ങളിലെ വിദ്യാഭ്യാസ അധികൃതരുമായി ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് മറ്റ് സ്ഥലങ്ങൾ സന്ദർശിച്ചത്.

2. 2-11-1996 മുതൽ 4-11-1996 വരെ ബഹറിൻ, കുവൈറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ബഹറിനിലെ നോൺ റസിഡന്റ് ഇന്ത്യൻ വെൽഫയർ സൊസൈറ്റി ഓഫ് ഇന്ത്യയുടെ 11-ാം മത് ഇന്റർനാഷണൽ കോൺഗ്രസ്സിൽ പങ്കെടുക്കാനും, കുവൈറ്റ് മലയാളി കൾച്ചറൽ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ എൻ. ആർ. ഐ. സംഘടിപ്പിച്ച ഹൗസിംഗിനേയും ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുമുള്ള സെമിനാറിൽ പങ്കെടുക്കുന്നതിനുമാണ് യാത്ര നടത്തിയത്.

3. 14-11-1996 മുതൽ 24-11-1996 വരെ ജർമ്മനി നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്യൻ മലയാളി സംഘടനയുടെ ക്ഷണം സ്വീകരിച്ച് അവരുടെ കോൺഫറൻസിൽ പങ്കെടുക്കാനും സ്വീസ് ഏജൻസിയുടെ ക്ഷണം സ്വീകരിച്ച് അവിടുത്തെ സർക്കാർ ഉദ്യോഗസ്ഥരുമായി വിവിധ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയുമായിരുന്നു യാത്രയുടെ ലക്ഷ്യം.

4. 12-6-1997 മുതൽ 22-6-1997 വരെ ജർമ്മനി, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. വിദേശ സന്ദർശനം നടത്തുക ആയിരുന്ന മുഖ്യമന്ത്രിയെ സഹായിക്കുകയായിരുന്നു സന്ദർശനത്തിന്റെ പ്രധാന ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

5. 28-10-1999 മുതൽ 1-11-1999 വരെ ദോഹ, ദുബായ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. സെന്റ് ബർച്ച്മാൻസ് അസ്സംപ്ഷൻ അലൂമിനിദോഹ ചാപ്റ്ററിന്റെ പ്രസിഡന്റിന്റെ ക്ഷണപ്രകാരം കേരളമേളയിലെ മുഖ്യ അതിഥിയായി പങ്കെടുത്തു. ദുബായിലെ ന്യൂ ഇന്ത്യൻ മോഡൽ സ്കൂളിന്റെ വാർഷിക പരിപാടിയിൽ പങ്കെടുക്കുന്നതിനാണ് ദുബായ് സന്ദർശിച്ചത്.

III ശ്രീ. ടി. കെ. രാമകൃഷ്ണൻ : (മത്സ്യബന്ധന സാംസ്കാരിക വകുപ്പുമന്ത്രി)

1. 1-10-1996 മുതൽ 9-10-1996 വരെ ജർമ്മനിയും ലണ്ടനും സന്ദർശിച്ചു. ജർമ്മനിയിൽ നടന്ന ഭാരതസ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കാനും ലണ്ടനിലെ ശ്രീനാരായണഗുരുമിഷന്റെ സാംസ്കാരിക പരിപാടിയിൽ സംബന്ധിക്കാനുമായിരുന്നു യാത്ര നടത്തിയത്.

2. 26-9-1997 മുതൽ 27-9-1997 വരെ കുവൈറ്റ് സന്ദർശിച്ചു. കുവൈറ്റിലെ 'കല' എന്ന സാംസ്കാരിക സംഘടനയുടെ സേവന പദ്ധതികളെ സംബന്ധിച്ച സമാപന യോഗത്തിൽ പങ്കെടുക്കാൻ വേണ്ടിയാണ് കുവൈറ്റ് സന്ദർശിച്ചത്.

3. 28-6-1998 മുതൽ 6-7-1998 വരെ അമേരിക്ക സന്ദർശിച്ചു. വടക്കേ അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷന്റെ ക്ഷണപ്രകാരം അവരുടെ 8-ാമത് ഇന്റർനാഷണൽ കൺവെൻഷനിൽ പങ്കെടുക്കുന്നതിന് വേണ്ടിയാണ് അമേരിക്ക സന്ദർശിച്ചത്.

4. 21-7-1999 മുതൽ 1-8-1999 വരെ ജർമ്മനി സന്ദർശിച്ചു. ജർമ്മനിയിലെ ഗ്ലോബൽ മലയാളി കൺവെൻഷനിലും, കേരളമേള ഇന്റർ നാഷണലിലും പങ്കെടുക്കുന്നതിനാണ് ശ്രീ. ടി. കെ. രാമകൃഷ്ണൻ ജർമ്മനി സന്ദർശിച്ചത്.

IV ശ്രീ. പിണറായി വിജയൻ : (മുൻ വൈദ്യുതി-സഹകരണ വകുപ്പുമന്ത്രി)

1. 13-10-1996 മുതൽ 28-10-1996 വരെ കാനഡയും അമേരിക്കയും സന്ദർശിച്ചു. പള്ളിവാസൽ, പന്നിയൂർ ശെൻകുളം ജലവൈദ്യുതപദ്ധതികളുടെ പുനരുദ്ധാരണത്തെ സംബന്ധിച്ച കാര്യങ്ങൾ കനേഡിയൻ അധികൃതരുമായി സംസാരിക്കാൻ കനേഡിയൻ ഗവൺമെന്റ് ക്ഷണിച്ചത് അനുസരിച്ചാണ് കാനഡ സന്ദർശിച്ചത്. പുതിയ ചില ജലവൈദ്യുത പദ്ധതികൾക്ക് വേണ്ട ധനസഹായം ലോകബാങ്കിൽ നിന്നും കിട്ടാനുള്ള സാദ്ധ്യത ആരായാനായിരുന്നു അമേരിക്ക സന്ദർശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

2. 10-6-1997 മുതൽ 22-6-1997 വരെ കാനഡ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. വിദേശസന്ദർശനം നടത്തുകയായിരുന്ന മുഖ്യമന്ത്രിയെ ചർച്ചകളിൽ സഹായിക്കുകയായിരുന്നു സന്ദർശനോദ്ദേശം.

3. 27-4-1998 മുതൽ 9-5-1998 വരെ ചൈനയും സിങ്കപ്പൂരും സന്ദർശിച്ചു. ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഇന്റർനാഷണൽ നെറ്റ്‌വർക്ക് ഡയറക്ടറുടെ ക്ഷണപ്രകാരം ബന്ധപ്പെട്ടവരുമായി ചർച്ചകൾക്കാണ് ചൈന സന്ദർശിച്ചത്. സിങ്കപ്പൂരിലെ വിദേശവ്യാപാര മന്ത്രാലയവുമായും വ്യാപാരവികസന ബോർഡുമായും ചർച്ച നടത്തുക ആയിരുന്നു സിങ്കപ്പൂർ സന്ദർശനോദ്ദേശം.

V ശ്രീ. എ. സി. ഷൺമുഖദാസ് : (ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി)

1. 7-5-1997 മുതൽ 22-5-1997 വരെ അമേരിക്ക സന്ദർശിച്ചു. ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷന്റെ ക്ഷണം സ്വീകരിച്ച് ഇന്ത്യയുടെ അമ്പതാം സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കാനും അമേരിക്കൻ ആയുർവേദിക്ക് അക്കാഡമി ക്ഷണിച്ചതനുസരിച്ച് കേരളത്തിലെ ആയുർവേദ ചികിത്സാരീതി അമേരിക്കയിലും യൂറോപ്പിലും വ്യാപകമായി പ്രചരിപ്പിക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ച് ചർച്ച നടത്താനുമാണ് യാത്ര നടത്തിയത്.

VI ശ്രീ. കെ. രാധാകൃഷ്ണൻ : (പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കക്ഷേമ വകുപ്പുമന്ത്രി)

1. 24-7-1997 മുതൽ 14-8-1997 വരെ ക്യൂബയിലെ ഹവാന സന്ദർശിച്ചു. വേൾഡ് യൂത്ത് ഫെഡറേഷൻ ക്യൂബയിലെ ഹവാനയിൽ സംഘടിപ്പിച്ച "വേൾഡ് ഫെസ്റ്റിവൽ ഓഫ് യൂത്ത് ആന്റ് സ്റ്റുഡൻസിൽ" പങ്കെടുക്കുന്നതിനാണ് യാത്ര നടത്തിയത്.

VII ശ്രീ. കെ. ഇ. ഇസ്മയിൽ : (റവന്യു വകുപ്പുമന്ത്രി)

1. 18-8-1997 മുതൽ 28-8-1997 വരെ ഖത്തറും യു.എ.ഇയും സന്ദർശിച്ചു. ഖത്തറിലെ ഇന്ത്യൻ കൾച്ചറൽ സെന്ററും യു. എ. ഇ. യിലെ ഇന്ത്യൻ സോഷ്യൽ സെന്ററും സംഘടിപ്പിച്ച പരിപാടികളിൽ പങ്കെടുക്കാനാണ് യാത്ര നടത്തിയത്.

2. 30-9-1997 മുതൽ 4-10-1997 വരെ കുവൈറ്റ് സന്ദർശിച്ചു. കുവൈറ്റിലെ "യുണൈറ്റഡ് മലയാളി ഓർഗ്ഗനൈസേഷൻ" സംഘടിപ്പിച്ച ഭാരതമേള ഉദ്ഘാടനം ചെയ്യാൻ വേണ്ടിയാണ് യാത്ര നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

3. 7-8-1997 മുതൽ 13-8-1999 വരെ ദുബായ്, അബുദാബി, ദോഹ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ഗൾഫ് രാജ്യങ്ങളിലെ കേരളീയ സമൂഹത്തിനുവേണ്ടി, നോർക്ക വിഭാവനം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളെ കുറിച്ച് വിശദീകരിക്കാനും ഭാരതത്തിന്റെ സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കാനുമാണ് യാത്ര നടത്തിയത്.

VIII ശ്രീ. പി. ആർ. കുറുപ്പ് : (മുൻ വനം-ഗതാഗത- ദേവസ്വം വകുപ്പുമന്ത്രി)

1. 19-9-1997 മുതൽ 3-10-1997 വരെ അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ, എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. ചിക്കാഗോയിൽ നടന്ന അന്താരാഷ്ട്ര സെമിനാറിൽ പങ്കെടുക്കുന്നതിനും ഗതാഗതരംഗത്ത് വികസിത രാജ്യങ്ങൾ കൈവരിച്ച നേട്ടങ്ങൾ മനസ്സിലാക്കുന്നതിനുമാണ് ഈ യാത്ര നടത്തിയത്.

IX ശ്രീമതി സുശീലാഗോപാലൻ : (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

1. 14-4-1998 മുതൽ 20-4-1998 വരെ ഈജിപ്തിലെ കെയ്റോ സന്ദർശിച്ചു. "മെയ്ഡ് ഇൻ ഇന്ത്യ"" എന്ന പേരിൽ ഇന്ത്യൻ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷൻ (ഇറ്റ്പോ) സംഘടിപ്പിച്ച ഇന്ത്യൻ പ്രദർശനം സന്ദർശിക്കുന്നതിനുവേണ്ടിയാണ് കെയ്റോ യാത്ര നടത്തിയത്.

2. 19-10-1998 മുതൽ 25-10-1998വരെ വിയറ്റ്നാമിലെ ഹാനോയ് സന്ദർശിച്ചു. ഹാനോയിൽ സംഘടിപ്പിച്ച "സെക്കന്റ് പ്രൈസ് ഓഫ് ഇന്ത്യ" എക്സിബിഷനുമായി ബന്ധപ്പെട്ടാണ് യാത്ര നടത്തിയത്.

3. 26-11-1999 മുതൽ 3-12-1999 വരെ ദുബായ്, അബുദാബി, മസ്ക്കറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. പ്രവാസികളായ കേരളീയരിൽ കേരളത്തിന്റെ വ്യവസായരംഗത്ത് മുതൽ മുടക്ക് നടത്തുന്നതിന് സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് ഈ യാത്ര നടത്തിയത്.

X ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : (കൃഷി വകുപ്പുമന്ത്രി)

1. 30-6-1999 മുതൽ 5-7-1999 വരെ അബുദാബി, ദുബായ്, ദോഹ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. മേപ്പടി രാജ്യങ്ങളിലെ മലയാളികളുടെ വിവിധ സംഘടനകളുടെ ക്ഷണം അനുസരിച്ചാണ് ഈ യാത്ര നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

2. 11-10-1999 മുതൽ 20-10-1999 വരെ ഇസ്രായേൽ സന്ദർശിച്ചു. ഇസ്രായേൽ ഗവൺമെന്റിന്റെ ക്ഷണപ്രകാരം അവിടത്തെ കാർഷികമേഖലയുമായി പരിചയപ്പെടുന്നതിനു വേണ്ടിയാണ് ഈ യാത്ര നടത്തിയത്.

XI ശ്രീ. ടി. ശിവദാസമേനോൻ : (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)

1. 29-7-1999 മുതൽ 12-8-1999 വരെ അബുദാബി, ദുബായ്, ദോഹ, ബഹറിൻ, കുവൈറ്റ്, മസ്ക്കറ്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. കേരളത്തിന്റെ പുരോഗതിക്ക് പ്രവാസികളായ കേരളീയരിൽ നിന്നും നിക്ഷേപം സമാഹരിക്കുവാനുള്ള സാദ്ധ്യത കണക്കിലെടുത്ത് കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന മൂലധനനിക്ഷേപത്തിന് അവരെ പ്രോത്സാഹിപ്പിക്കുകയായിരുന്നു യാത്രയുടെ ലക്ഷ്യം.

1. ഓരോ മന്ത്രിക്കും അനുവദിച്ച വിദേശപണം മുഖ്യമന്ത്രിയുടേയും വിദ്യാഭ്യാസ-പൊതുമരാമത്ത് മന്ത്രിയുടേയും കനേഡിയൻ യാത്രയിൽ ഓരോ ആൾക്കും 500 ഡോളർ

2. മത്സ്യബന്ധന, സാംസ്ക്കാരിക വകുപ്പുമന്ത്രിയുടെ ജർമ്മൻ യാത്രയിൽ 570 ഡോളർ, അമേരിക്കൻ യാത്രയിൽ 600 ഡോളർ.

3. വൈദ്യുതി-സഹകരണ വകുപ്പുമന്ത്രിയുടെ ബഹറിൻ കുവൈറ്റ് യാത്രയിൽ 500 ഡോളർ

4. വിദ്യാഭ്യാസ-പൊതുമരാമത്ത് മന്ത്രിയുടെ ബഹറിൻ, കുവൈറ്റ് യാത്രയിൽ 500 ഡോളർ

5. ആരോഗ്യ സ്പോർട്സ് വകുപ്പുമന്ത്രിയുടെ അമേരിക്കൻ യാത്രയിൽ 700 ഡോളർ

6. മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ-പൊതുമരാമത്ത് വകുപ്പുമന്ത്രിയുടേയും ജർമ്മനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ. യാത്രയിൽ 550 ഡോളർ വീതം

7. മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ-പൊതുമരാമത്തു വകുപ്പുമന്ത്രിയുടെയും മുൻ വൈദ്യുതി-സഹകരണവകുപ്പുമന്ത്രിയുടേയും കാനഡ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി യാത്രയിൽ 650 ഡോളർ വീതം.

8. പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമവകുപ്പുമന്ത്രിയുടെ ക്യൂബ (ഹവാന) യാത്രയ്ക്ക് 500 ഡോളർ

9. റവന്യു വകുപ്പുമന്ത്രിയുടെ യു.എ.ഇ. ഖത്തർ യാത്രയ്ക്ക് 550 ഡോളർ

10. മുൻ വനം-ഗതാഗത-ദേവസ്വം വകുപ്പുമന്ത്രിയുടെ യു.എസ്.എ, ജർമ്മനി, നെതർലാന്റ്, സ്വീഡൻ യാത്രയ്ക്ക് 750 ഡോളർ

LIBRARY ARCHIVES Kerala Legislative Assembly

11. മത്സ്യബന്ധന-സാംസ്ക്കാരിക വകുപ്പുമന്ത്രിയുടെ കുവൈറ്റ് യാത്രയ്ക്ക് 500 ഡോളർ

12. റവന്യൂ വകുപ്പുമന്ത്രിയുടെ കുവൈറ്റ് യാത്രയ്ക്ക് 500 ഡോളർ

13. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ഈജിപ്റ്റ് യാത്രക്ക് 500 ഡോളറും വിയറ്റ്നാം യാത്രയ്ക്ക് 500 ഡോളറും

14. മുൻ വൈദ്യുതി-സഹകരണവകുപ്പുമന്ത്രിയുടെ ചൈന, സിങ്കപ്പൂർ യാത്രയ്ക്ക് 650 ഡോളർ

15. മുഖ്യമന്ത്രിയുടെ ഒമാൻ (മസ്ക്കറ്റ്)അബുദാബി, ദുബായ്, കുവൈറ്റ് യാത്രയ്ക്ക് 500 യു.എസ്.ഡോളർ

16. മത്സ്യബന്ധന-സാംസ്ക്കാരിക വകുപ്പുമന്ത്രിയുടെ ജർമ്മൻ യാത്രയ്ക്ക് 500 ഡോളർ

17. കൃഷി വകുപ്പുമന്ത്രിയുടെ അബൂദാബി, ദുബായ്, ദോഹ യാത്രയ്ക്ക് 500 ഡോളറും ഇസ്രായേൽ യാത്രയ്ക്ക് 500 ഡോളറും

(18) റവന്യൂ വകുപ്പുമന്ത്രിയുടെ ഖത്തർ യു.എ.ഇ. യാത്രയ്ക്ക് 500 ഡോളർ

(19) വിദ്യാഭ്യാസ-പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ദോഹ. ദുബായ്, യാത്രയ്ക്ക് 500 ഡോളർ

(20) ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രിയുടെ അബൂദാബി, ദുബായ്, ദോഹ, ബഹറിൻ, കുവൈറ്റ്, മസ്ക്കറ്റ് യാത്രയ്ക്ക് 700 ഡോളർ

(21) വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ ദുബായ്, അബൂദാബി, മസ്ക്കറ്റ് യാത്രയ്ക്ക് 500 ഡോളർ

അനുബന്ധം XVI

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 31(31) ദയവായി കാണുക]

മുഖ്യമന്ത്രി :

1. 5-7-1996 മുതൽ 9-7-1996 വരെ അമേരിക്ക സന്ദർശിച്ചു. നോർത്ത് അമേരിക്കയിലെ ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് എന്ന സംഘടനയുടെ ഇന്റർനാഷണൽ കൺവെൻഷനിൽ പങ്കെടുക്കുകയായിരുന്നു ഉദ്ദേശം.

2. 14-11-1996 മുതൽ 24-11-1996 വരെ ജർമ്മനി, നെതർലാന്റ്, യു.എ.ഇ. എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. യൂറോപ്യൻ മലയാളി സംഘടനയുടെ ക്ഷണം സ്വീകരിച്ച് അവരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുവാനും, സ്വിസ് ഏജൻസിയുടെ ക്ഷണം സ്വീകരിച്ച് അവിടുത്തെ സർക്കാർ ഉദ്യോഗസ്ഥരുമായി വിവിധ കാര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയുമായിരുന്നു യാത്രയുടെ പ്രധാന ഉദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly